**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1846 — 17.12.2012 ൽ മറുപടിയ്ക്ക്

**ചികിത്സയ്ക്ക് ദുരിതാശ്വാസ ധനസഹായം**

**അനുവദിക്കുന്നതിലെ കാലതാമസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായത്തുക ലഭിക്കുന്നതിന് എത്ര കാലതാമസം വേണ്ടി വരുന്നുണ്ട് ; | (എ) ഫണ്ടിന്റെ ലഭ്യതയും അപേക്ഷകരുടെ ബാഹുല്യവും കാരണം ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞാലും രണ്ട് മുതൽ മൂന്ന് മാസം വരെ കാലതാമസം ഉണ്ടാകുന്നുണ്ട്. |
| (ബി) ദുരിതാശ്വാസ നിധിയിലേക്ക് കഴിഞ്ഞ രണ്ടു വർഷക്കാലം സ്വരൂപിച്ച തുകയുടെ കണക്ക് വെളിപ്പെടുത്താമോ ; | (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 01.01.2011 മുതൽ 30.11.2012 വരെ സ്വരൂപിച്ച ആകെ തുക 7,70,95,480/-(ഏഴ് കോടി എഴുപത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി നാന്നൂറ്റി എൺപത് രൂപ മാത്രം) രൂപയാണ്. ഇതിൽ ഒരു കോടി രൂപ ചാല ടാങ്കർ ലോറി ദുരന്തവുമായി ബന്ധപ്പെട്ട് ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും ലഭിച്ച നഷ്ടപരിഹാര തുകയാണ്. |
| (സി) ക്യാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ തുടങ്ങിയ സാമ്പത്തിക ചെലവ് ഏറെ ആവശ്യമുള്ളതുമായ രോഗങ്ങൾക്കും മറ്റ് സാധാരണ രോഗങ്ങൾക്കും ദുരിതാ ശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം ഒരേ തരത്തിലാണോയെന്ന് വ്യക്തമാക്കുമോ? | (സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും, ബഹു. റവന്യൂ വകുപ്പു മന്ത്രിക്ക് 5,000/- രൂപ വരെയും ബഹു. മുഖ്യമന്ത്രിക്ക് 1,00,000/- രൂപ വരെയും അനുവദിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. സാധാരണ രോഗങ്ങൾക്ക് 2,000/- രൂപ മുതൽ 5,000/- രൂപ വരെയും, ക്യാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ, വൃക്ക രോഗങ്ങൾ എന്നിവയ്ക്ക് വിവേചനാധികാരം ഉപയോഗിച്ച് 5,000/- രൂപ മുതൽ 1,00,000/- രൂപ വരെയും മന്ത്രിസഭയുടെ അനുമതിയോടുകൂടി കൂടുതൽ തുകയും അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.